LIBRARY ARCHIVES Kerala Legislative Assembly

(സി) 8

(ഡി) പുതുതായി അനുവദിച്ച ബാച്ചുകളിൽ തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതു പൂർത്തിയാകുന്നതുവരെ ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

## ഹയർസെക്കന്ററി സ്കൂളുകളിൽ കായികാദ്ധ്യാപക തസ്തിക

38 (5107) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ കായികാദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തസ്തിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഹയർസെക്കന്ററിയിലെ കായിക വിദ്യാഭ്യാസ പീരിഡുകൾ കൈകാര്യം ചെയ്യുന്നതിന് ഹൈസ്കൂളിലെ കായികാദ്ധ്യാപകനെ ചുമതലപ്പെടുത്തിയിട്ടുള്ളതും അപ്രകാരം ചുമതല നിർവ്വഹിക്കുന്ന അദ്ധ്യാപകന് ഇതിനായി 200 രൂപ സ്പെഷ്യൽ അലവൻസ് നൽകുവാനുള്ള വ്യവസ്ഥയുമുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നവർ

39 (5108) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി ഡയറക്ടറേറ്റ്, റീജണൽ ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ ഏതെല്ലാം വകുപ്പുകളിൽ നിന്നുള്ള ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഹയർ സെക്കന്ററി വകുപ്പിനെ പൊതു വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;